# മഹാത്മാഗാന്ധി സർവ്വകലാശാല
(സംഗ്രഹം)

**വിഷയം** : റൂസ ധനസഹായത്തോടെ ക്യാമ്പസ്സിൽ നടപ്പാക്കുന്ന ക്യാമ്പസ് വൈ–ഫൈ മറ്റു അനുബന്ധ ഐ.ടി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് M/s. കെൽട്രോണിന് രണ്ടാം ഗഡുവായി ₹1,39,67,536/– രൂപ അനുവദിച്ച് ഉത്തരവായത് സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തു – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണവും വികസനവും III – സെക്ഷൻ**

**യു.ഓ നം: 7417/പി&ഡി3/2/2017/ഭ.വി** **തിയതി: 16.10.2018**

**പരാമർശം:**

1) യു ഓ നം. 6997 **പി &ഡി**–3 /1/ഭ വി തീയതി : 25.11.2017
2) കെൽട്രോണിൽ നിന്നുള്ള കത്ത് നം. CASO/IT/2018–19/051 തീയതി 25.05.2018
3) യു ഓ നം. 5054 **പി &ഡി**–3 /1/15809/2017/ഭ വി തീയതി : 23.06.2018
4) 26/09/2018 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.ഒ.എ.1/18.08/182076

## ഉത്തരവ്

പരാമർശം (1) പ്രകാരം റൂസ പദ്ധതി സഹായത്തോടെ ക്യാമ്പസ്സിൽ നടപ്പിലാക്കുന്ന ക്യാമ്പസ് വൈ–ഫൈ, മറ്റ് അനുബന്ധ ഐ ടി പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് M/s.കെൽട്രോണുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ കരാർ തുകയായ ₹4,97,12,375/– (നാലുകോടി തൊണ്ണൂറ്റി ഏഴുലക്ഷത്തി പന്തീരായിരത്തി മുന്നൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ 50%, ₹2,48,56,188/–(രണ്ടു കോടി നാല്പത്തിയെട്ട ലക്ഷത്തി അൻപത്താറായിരത്തി ഒരുന്നൂറ്റി എൺപത്തി എട്ട് രൂപ മാത്രം) കരാറൊപ്പിട്ട് മുൻകൂറായി M/S കെൽട്രോണിന് നൽകുന്നതിനും അടുത്ത 40% തുക (₹1,98,84,950/– ഒരുകോടി തൊണ്ണൂറ്റി എട്ടുലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) പ്രവൃത്തിക്കുള്ള എല്ലാ ഉപകരണങ്ങളും വസ്തുക്കളും എത്തിക്കുന്ന മുറയ്ക്കും ബാക്കി 10 ശതമാനം തുക(₹49,71,237/–നാല്പത്തി ഒൻപത് ലക്ഷത്തി എഴുപത്തി ഒരായിരത്തി ഇരുന്നൂറ്റി മുപ്പത്തി ഏഴു രൂപ മാത്രം ) പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്കും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അത് പ്രകാരം ₹2,48,56,188/– (രണ്ട് കോടി നാല്പത്തി എട്ടു ലക്ഷത്തി അൻപത്താറായിരത്തി ഒരുന്നൂറ്റി എൺപത്തിഎട്ട് രൂപ മാത്രം ) രൂപ മുൻകൂറായി നൽകിയിരുന്നു.

പരാമർശം (2) പ്രകാരം M/s കെൽട്രോൺ പദ്ധതിക്ക് ആവശ്യമായ ഉപകരണങ്ങൾ ക്യാമ്പസ്സിൽ സപ്ലൈ ചെയ്തു കഴിഞ്ഞതായും സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയായി വരുന്നതിന്റെ അടിസ്ഥാനത്തിൽ ₹1,39,67,536/–(ഒരുകോടി മുപ്പത്തി ഒൻപതു ലക്ഷത്തി അറുപത്തി ഏഴായിർത്തി അഞ്ഞൂറ്റി മുപ്പത്തിയാറു രൂപ മാത്രം)രൂപ കൂടി അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. അതിൻറെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയ സർവ്വകലാശാല ഐ ടി കോർഡിനേറ്ററും സർവ്വകലാശാല എൻജിനീയറും പദ്ധതിക്കാവശ്യമായ 90% ഇലക്ട്രോണിക്സ് ഉപകരണങ്ങളും ക്യാമ്പസിൽ സപ്ലൈ ചെയ്തിട്ടുണ്ട് എന്നും, 85% സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തിയാക്കിയതായും യഥാക്രമം സാക്ഷ്യപ്പെടുത്തുകയുണ്ടായി. മേൽപ്പറഞ്ഞരേഖകൾ സർവകലാശാല ഫിനാൻസ് വിഭാഗം പരിശോധിച്ച് ഫയൽ സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശ വൈസ് ചാൻസലറുടെ ചുമതല വഹിച്ചിരുന്ന ബഹു. പ്രൊ വൈസ് ചാൻസലർ അംഗീകരിച്ചിരുന്നു.

21.06.2018ന് കൂടിയ സിൻഡിക്കേറ്റിന്റെ ഫിനാൻസ് സ്റ്റാൻഡിങ് കമ്മിറ്റി M/s കെൽട്രോൺ ലിമിറ്റഡിന് റൂസ പദ്ധതിയുടെ ഭാഗമായി ക്യാമ്പസ് വൈഫൈ ഇ ക്ലാസ്റൂം പദ്ധതിക്കായി രണ്ടാം ഗഡുവായി ₹1,39,67,536/–(ഒരുകോടി മുപ്പത്തി ഒൻപതു ലക്ഷത്തി അറുപത്തി ഏഴായിർത്തി അഞ്ഞൂറ്റി മുപ്പത്തിയാറു രൂപ മാത്രം) രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. പ്രസ്തുത ശുപാർശ ബഹു .വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശലാ ആക്ട് 1985 ലെ സെക്ഷൻ 3.10 (17) പ്രകാരം അംഗീകരിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ റൂസ പദ്ധതിയുടെ ഭാഗമായ ക്യാമ്പസ് വൈഫൈ, ഇ ക്ലാസ്റൂം പദ്ധതിയുടെ നടത്തിപ്പുകാരായ M/s കെൽട്രോണിന് രണ്ടാം ഗഡുവായി ₹1,39,67,536/–(ഒരുകോടി മുപ്പത്തി ഒൻപതു ലക്ഷത്തി അറുപത്തി ഏഴായിർത്തി അഞ്ഞൂറ്റി മുപ്പത്തിയാറു രൂപ മാത്രം )രൂപ അനുവദിക്കുന്നതിനും പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ഇനത്തിൽ ₹2,79,351(രണ്ടു ലക്ഷത്തി

എഴുപത്തോന്പതിനായിരത്തി മുന്നൂറ്റി അന്പത്തിയൊന്നു രൂപ മാത്രം )രൂപ കിഴിവ് ചെയ്ത് ബാക്കി തുകയായ₹1,36,88,185/-(ഒരു കോടി മുപ്പത്തി ആറു ലക്ഷത്തി എൺപത്തി എണ്ണായിരത്തി ഒരുന്നൂറ്റി എൺപത്തി അഞ്ചു രൂപ മാത്രം )രൂപ നൽകുന്നതിന് അനുവാദം നല്കി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക M/s കെൽട്രോണിന് പി .എഫ് .എം .എസ് പെയ്മെൻറ് അഡ്വൈസ് മുഖേന ക്രെഡിറ്റ് ചെയ്ത് നൽകിയിരുന്നു.

പരാമർശം (4) പ്രകാരം, 1985-ലെ മഹാത്മാഗാന്ധി സർവകലാശാലാ ആക്റ്റിലെ അദ്ധ്യായംIII.10 (17) വകുപ്പ് പ്രകാരം, വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.06.2018-ലെ 5054/**പി &ഡി**-3 /1/15809/2017/ഭ.വി , നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഒപ്പ്**
**തുളസീലാൽ ആർ.എൻ**
**ഡെപ്യൂട്ടി രജിസ്ട്രാർ (പി &ഡി)**
**രജിസ്ട്രാർക്ക് വേണ്ടി**

**പകർപ്പ്:**

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ- 1 (ഭരണ വിഭാഗം )
4. സർവ്വകലാശാല എൻജിനീയർ
5. ഫിനാൻസ് I , IV /ഓഡിറ്റ് I , V , IQAC
6. എ സി സി സെക്ഷൻ /എ ഡി ഡി സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി / അക്കൗണ്ട്സ് V
8. റെക്കോർഡ്സ് സെക്ഷൻ / ജനറൽ ക്യാഷ്
9. സി . എം . എസ്
10. എസ് .എഫ്/ എഫ്. സി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

**ഫയൽ നം. പി &ഡി 3/1/15809/2017/ഭ.വി**